**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3658** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ. ടി.സി.യിലെ പകുതി ശമ്പളത്തോടെയുള്ള അവധി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാർക്ക് പകുതി ശമ്പളത്തോടെ അഞ്ചുവർഷത്തേക്ക് അവധി നൽകുന്ന സ്കീം കെ.എസ്.ആർ. ടി.സി.-യിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പാക്കിയതിന്റെ ലക്ഷ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ജീവനക്കാർക്ക് പകുതി ശമ്പളത്തോടെ കുറഞ്ഞത് ഒരു വർഷം മുതൽ പരമാവധി അഞ്ച് വർഷത്തേയ്ക്ക് ഫർലോ അവധി അനുവദിക്കുന്ന സമ്പ്രദായം 04.02.2022-ൽ കെ.എസ്.ആർ.ടി.സി.യിൽ ആരംഭിച്ചിരുന്നു. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായാണ് ഫർലോ അവധി സമ്പ്രദായം നടപ്പിലാക്കിയത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.<br><br>കെ.എസ്.ആർ.ടി.സി.യിൽ 50% വേതനത്തോടെ അനുവദിച്ച് വന്നിരുന്ന ഫർലോ സമ്പ്രദായം 14-2-2023 തീയതിയായ ഉത്തരവിലൂടെ നിർത്തലാക്കി. |
| (ബി) | ഈ സ്കീം നടപ്പാക്കുന്നതിലൂടെ ശമ്പളയിനത്തിൽ എത്ര കോടി രൂപയുടെ ലാഭം ഉണ്ടാക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കിയത്; ഈ പദ്ധതി പ്രകാരം കെ.എസ്.ആർ. ടി.സി. യിൽ എത്ര ജീവനക്കാർ അവധിയെടുത്തിട്ടുണ്ടെന്നും ആയതിലൂടെ ശമ്പളയിനത്തിൽ എത്ര രൂപയുടെ ലാഭം ഉണ്ടായെന്നും വ്യക്തമാക്കുമോ; | (ബി) | 190 ജീവനക്കാർക്കാണ് നാളിതുവരെ പകുതി ശമ്പളത്തോടുകൂടിയ അവധി നൽകിയിട്ടുള്ളത്. 2,25,61,910 രൂപയാണ് ടി ജീവനക്കാർക്ക് നാളിതുവരെ പകുതി ശമ്പളത്തുകയായി നൽകിയിട്ടുള്ളത്. എന്നതിനാൽ 2,25,61,910 രൂപ തന്നെയാണ് ലാഭിക്കാനിയിട്ടുള്ളത്. |
| (സി) | പ്രസ്തുത അവധി റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; സർക്കാർ ഉത്തരവ് പ്രകാരം അഞ്ചുവർഷത്തേക്ക് അവധി അനുവദിച്ച ആനുകൂല്യം ഉപയോഗപ്പെടുത്തി വിദേശരാജ്യങ്ങളിൽ ഉൾപ്പെടെ പോയി മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരോട് അടിയന്തരമായി തിരികെയെത്തി ജോലിയിൽ പ്രവേശിക്കണം എന്ന് ആവശ്യപ്പെടുന്നതിന് നിയമപരമായ സാധുതയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഫർലോ ലീവ് നിറുത്തലാക്കി ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.<br><br>ഫർലോ ലീവ് അനുവദിച്ച ഉത്തരവിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി മൂന്ന് മാസ നോട്ടീസ് കാലാവധിയോടെ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് ഉത്തരവായിരുന്നതിന് നിയമ സാധുതയുണ്ട്. |
| (ഡി) | അവധാനതയില്ലാതെ കെ.എസ്.ആർ. ടി.സി. | (ഡി) | കോർപ്പറേഷൻ പ്രതീക്ഷിച്ച സാമ്പത്തിക നേട്ടം |

| | | | |
|---|---|---|---|
| | പ്രഖ്യാപിച്ച പദ്ധതി വിശ്വാസത്തിൽ എടുത്ത് തൊഴിൽതേടി മറ്റ സ്ഥലങ്ങളിലേക്ക് പോയ ജീവനക്കാരെ സർക്കാരിന്റെ പിഴവിന്റെ പേരിൽ ശിക്ഷിക്കുന്നത് ഉചിതമായ നടപടിയല്ലെന്ന ആക്ഷേപത്തെ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; നിലവിൽ മറ്റ സ്ഥലങ്ങളിൽ ജോലിയെടുക്കുന്ന ഉദ്യോഗസ്ഥർക്ക് അഞ്ച് വർഷം വരെ തുടരാൻ അനുമതി നൽകിക്കൊണ്ട് പ്രസ്തുത പദ്ധതി റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | കൈവരിയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിലാണ് 50% ശമ്പളത്തോട്ടുകൂടിയുള്ള അവധി നിറുത്തലാക്കി ഉത്തരവായിട്ടുള്ളത്. ഫർലോ ലീവ് അനുവദിച്ച ഉത്തരവിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ ഫർലോ ലീവ് സമ്പ്രദായം പുന:പരിശോധിക്കുന്നതിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

3658(2എ) - 1
അനുബന്ധം - 1(എ)

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,
തീയതി : 04-2-2022.

നമ്പർ_490/GL2/2021/RTC.

## സർക്കുലർ മെമ്മോറാണ്ടം

വിഷയം:- കെ.എസ്.ആർ.ടി.സി.യിൽ Furlough leave സമ്പ്രദായം നടപ്പിലാക്കുന്നത് – അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച് –

സൂചന:- 13-1-2022 തീയതിയിൽ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകളും ഒപ്പിട്ട സേവന-വേതന കരാർ 2021.

കെ.എസ്.ആർ.ടി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനിലെ ജീവനക്കാർക്ക് Furlough leave സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. 45 വയസ്സിന് മുകളിൽ പ്രായമുള്ള, കണ്ടക്ടർ / മെക്കാനിക്ക് വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള ശമ്പളത്തിന്റെ 50% നൽകികൊണ്ട് കുറഞ്ഞത് ഒരു വർഷം മുതൽ പരമാവധി അഞ്ച് വർഷം വരെ അവധി അനുവദിക്കുന്നതാണ്. ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രസ്തുത അവധി അനുവദിക്കുന്നതാണ്. പ്രസ്തുത അവധി ആർജ്ജിക്കുവാൻ താൽപര്യമുള്ള ജീവനക്കാർ ഇതിനായുള്ള അപേക്ഷകൾ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ 2022 ഫെബ്രുവരി 28-ന് മുമ്പായി (28-2-2022) ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർ മുഖാന്തിരം എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ & വിജിലൻസ്) സമർപ്പിക്കാവുന്നതാണ്.

1. 45 വയസ്സിന് മുകളിൽ പ്രായമുള്ള, കണ്ടക്ടർ / മെക്കാനിക്ക് വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള ശമ്പളത്തിന്റെ (Gross pay) 50% നൽകികൊണ്ട് ഒരു വർഷം മുതൽ അഞ്ച് വർഷം വരെ അവധി അനുവദിക്കുന്നതാണ്.
2. ഇപ്രകാരം അനുവദിക്കുന്ന പകുതി ശമ്പളത്തിൽ നിന്നും പ്രതിമാസം കുറവ് ചെയ്യുന്ന തുക കഴിച്ച് (PF/NPS, SLI/GIS, LIC and other departmental / non-departmental recoveries etc.,) ബാക്കിതുക ജീവനക്കാരന് അനുവദിക്കുന്നതാണ്.
3. ടി അവധി കാലയളവ് വാർഷിക ഇൻക്രിമെന്റ്, പെൻഷൻ എന്നിവ കണക്കാക്കുവാൻ മാത്രം പരിഗണിക്കും. ഗ്രേഡ് പ്രൊമോഷൻ ഉൾപ്പെടെയുള്ള പ്രൊമോഷനുകൾക്ക് ടി കാലയളവ് പരിഗണിക്കുന്നതല്ല.

(തുടർച്ച...2)

4. നിലവിൽ കോർപ്പറേഷന്റെ സജീവ സേവനത്തിലുള്ളവരും, പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ചിട്ടുള്ളതുമായ ജീവനക്കാർ ആയിരിക്കണം.

5. കോർപ്പറേഷന്റെ അനുമതിയോടുകൂടി ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ ടി കാലാവധി പൂർത്തിയാക്കി തിരികെ സജീവസേവനത്തിൽ പ്രവേശിച്ചതിനുശേഷം മാത്രമെ Furlough leave-ന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

6. വോളന്ററി റിട്ടയർമെന്റിന് അപേക്ഷ നൽകിയിട്ടുള്ള ജീവനക്കാരെ Furlough leave-ന് പരിഗണിക്കുന്നതല്ല.

7. സസ്പെൻഷനിൽ കഴിയുന്ന / അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ജീവനക്കാരെ പരിഗണിക്കുന്നതല്ല.

8. നിലവിൽ മെഡിക്കൽ ഗ്രൗണ്ടിൽ അവധിയിൽ തുടരുന്ന ജീവനക്കാർ അപേക്ഷിക്കുന്നപക്ഷം Furlough leave അനുവദിക്കുക എന്നത് കോർപ്പറേഷന്റെ തീരുമാനത്തിന് വിധേയമായിരിക്കും.

9. Furlough leave ഏത് ജീവനക്കാരന് അനുവദിക്കണമെന്നും, പരമാവധി എത്രജീവനക്കാർക്ക് അനുവദിക്കണമെന്നും / എത്രവർഷകാലത്തേയ്ക്ക് അനുവദിക്കണമെന്നും കോർപ്പറേഷന്റെ വിവേചനാധികാരത്തിൽ നിക്ഷിപ്തമായിരിക്കും.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ മേഖലാ / യൂണിറ്റ് / വർക്ക്ഷോപ്പ് അധികാരികൾക്കും. (നോട്ടീസ് ബോർഡിൽ 28-2-2022 വരെ പ്രദർശിപ്പിക്കേണ്ടതാണ്).

പകർപ്പ് : ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും, ഫയൽ, കരുതൽ ഫയൽ.

.asm/-

സെക്ഷൻ ഓഫീസർ

3658 (എ) - 2
അനുബന്ധം - 1 (b)

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,

നമ്പർ_490/GL2/2021/RTC. തീയതി : 13-6-2022.

## സർക്കുലർ മെമ്മോറാണ്ടം

വിഷയം:- കെ.എസ്.ആർ.റ്റി.സി.യിൽ Furlough സമ്പ്രദായം മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും, ഹയർ ഡിവിഷൻ ഓഫീസർമാർക്കും കൂടി അനുവദിക്കുന്നതിനും, പ്രായപരിധി 40 വയസ്സായി കുറയ്ക്കുന്നത് സംബന്ധിച്ചും —

സൂചന:- 1. ഈ ഓഫീസിലെ 04-2-2022ലെ ഇതേ നമ്പർ മെമ്മോറാണ്ടം
2. 07-4-2022ൽ ചേർന്ന 411-ാം‌മത് ഭരണസമിതി യോഗത്തിലെ അജണ്ട 33/411/2022 നമ്പർ തീരുമാനം.

13-1-2022ൽ കെ.എസ്.ആർ.റ്റി.സി.യിലെ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളും, മാനേജ്മെന്റും തമ്മിൽ ഒപ്പുവച്ചിട്ടുള്ള സേവന-വേതന കരാർ 2021ലെ ഖണ്ഡിക (41)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.റ്റി.സി.യുടെ സാമ്പത്തിക പ്രതിസന്ധികൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ജീവനക്കാർ അധികം ഉണ്ടെന്ന് പ്രഥമദൃഷ്ടിയാൽ കണ്ടെത്തിയ കണ്ടക്ടർ, മെക്കാനിക്ക് വിഭാഗം ജീവനക്കാർക്ക് 50% ശമ്പളത്തോടുകൂടി ഒരു വർഷം മുതൽ പരമാവധി അഞ്ച് വർഷം വരെ ആവശ്യാനുസരണം ഫർലോ ലീവ് നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ആർ.റ്റി.സി.യിൽ കമ്പ്യൂട്ടർവത്ക്കരണവും, e-ഓഫീസും നടപ്പിലാക്കുന്ന പദ്ധതികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിലൂടെ നിലവിലുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിലും, ഹയർ ഡിവിഷൻ ഓഫീസർ തസ്തികകളിലുമുള്ള ഉദ്യോഗസ്ഥരുടെ എണ്ണം അധികമായി എന്നത് കണക്കിലെടുത്ത് കണ്ടക്ടർ, മെക്കാനിക്ക് വിഭാഗം ജീവനക്കാർക്ക് നിലവിൽ നടപ്പിലാക്കിയിട്ടുള്ള ഫർലോ ലീവ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും, ഹയർ ഡിവിഷൻ ഓഫീസർമാർക്കും കൂടി നടപ്പിലാക്കുന്നതിനും, കൂടാതെ പ്രായപരിധി 40 വയസ്സായി കുറച്ചുകൊണ്ടും ഉത്തരവാകുന്നു.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ യൂണിറ്റ് / മേഖലാ / ജില്ലാ / വർക് ഷോപ്പ് അധികാരികൾക്കും,
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും.

.asm/--

Sd/-
സെക്ഷൻ ഓഫീസർ

3658 (സി)
അനുബന്ധം - 2

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,

നമ്പർ_490/GL2/2021/RTC. തീയതി : 14-2-2023.

## സർക്കുലർ മെമ്മോറാണ്ടം

വിഷയം:- കെ.എസ്.ആർ.റ്റി.സി.യിൽ Furlough leave സമ്പ്രദായം നിർത്തലാക്കുന്നത് സംബന്ധിച്ച് —

സൂചന:- 1. ഈ ഓഫീസിലെ 04-2-2022, 13-6-2022 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ മെമ്മോറാണ്ടം
2. 16-12-2022ൽ അംഗീകൃത സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലെ മിനിട്സ്.

കെ.എസ്.ആർ.റ്റി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനിലെ ഡ്രൈവർ വിഭാഗം ഒഴികെയുള്ള ജീവനക്കാർക്കും, ഓഫീസർമാർക്കും furlough leave സമ്പ്രദായം സൂചന (1) പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കിയിരുന്നു. പകുതി ശമ്പളത്തിൽ പരമാവധി അഞ്ച് വർഷം വരെ അവധി അനുവദിച്ച furlough leave സമ്പ്രദായം കോർപ്പറേഷൻ പ്രതീക്ഷിച്ച സാമ്പത്തിക നേട്ടം കൈവരിക്കാത്ത സാഹചര്യത്തിൽ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി ആയത് നിറുത്തലാക്കി ഉത്തരവാകുന്നു.

---

- നിലവിൽ furlough അനുവദിക്കപ്പെട്ട ജീവനക്കാർ ഈ മെമ്മോ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ i.e. 2023 മേയ് 14-നകം കോർപ്പറേഷന്റെ സേവനങ്ങളിലേയ്ക്ക് പുന:പ്രവേശിക്കേണ്ടതാണ്. Furlough leave അനുവദിച്ച തീയതി മുതൽ ഇതേ ഉത്തരവിന്മേൽ ജോലിയിൽ പുന:പ്രവേശിച്ചതുവരെയുള്ള കാലയളവ് മേൽ സൂചന (1) ഉത്തരവിലെ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ furlough leave ആയി മാത്രം പരിഗണിക്കുന്നതാണ്.

(തുടർച്ച...2)

- കോർപ്പറേഷനിൽ furlough സമ്പ്രദായം നിർത്തലാക്കിയതിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത അവധിയിൽ തുടരുന്ന ജീവനക്കാർ 14-5-2023ന് മുമ്പായി ജോലിയിൽ പുനഃപ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി A&V വിഭാഗത്തിൽ നിന്നും ജില്ലാ ഓഫീസുകൾ മുഖേന വ്യക്തിഗത നോട്ടീസ് നൽകേണ്ടതും ആയത് കൈപ്പറ്റി എന്നത് ജില്ലാ അധികാരികൾ ഉറപ്പ് വരുത്തേണ്ടതും, A&V വിഭാഗത്തെ അറിയിക്കേണ്ടതുമാണ്.

- മേൽ പരാമർശിച്ച സമയപരിധിയ്ക്കുള്ളിൽ ടി ജീവനക്കാർ പുനഃപ്രവേശനത്തിന് അപേക്ഷ ബന്ധപ്പെട്ട ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതും, ലഭ്യമാകുന്നമുറയ്ക്ക് അപേക്ഷകൾ ജില്ലാ ഓഫീസുകളിൽ നിന്നും ചീഫ് ഓഫീസിലെ A&V വിഭാഗത്തിന് കൈമാറേണ്ടതുമാണ്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിന്മേൽ A&V വിഭാഗം ടി ജീവനക്കാർക്ക് പുനഃപ്രവേശനം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

- നോട്ടീസ് കൈപ്പറ്റി 15-5-2023ന് ജോലിയിൽ പ്രവേശിക്കാത്തപക്ഷം ടി ജീവനക്കാർ അന്നുമുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്നതായി കണക്കാക്കി 1960ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും അപ്പീലും) ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

Sd/-
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

---

സ്വീകർത്താവ്

ജില്ലാ / യൂണിറ്റ് / മേഖലാ / വർക് ഷോപ്പ് അധികാരികൾക്കും – ഉത്തരവിന്റെ പകർപ്പ് ജീവനക്കാരുടെ അറിവിലേയ്ക്കായി കോർപ്പറേഷന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

പകർപ്പ് : ചീഫ് ഓഫീസിലെ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും,
ഫയൽ, കരുതൽ ഫയൽ.

ആജ്ഞാനുസരണം

എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)

asm/-

## പ്രൊഫോർമ

| | |
|---|---|
| 1. പേര് | |
| 2. തസ്തിക | |
| 3. യൂണിറ്റ് | |
| 4. PF / PEN | |
| 5. നിലവിലെ അടിസ്ഥാന ശമ്പളം | |
| 6. ജനന തീയതിയും, വയസ്സും | |
| 7. ജോലിയിൽ പ്രവേശിച്ച തീയതി | |
| 8. വിരമിക്കൽ തീയതി | |
| 9. പ്രൊബേഷൻ പൂർത്തീകരിച്ച തീയതി | |
| 10. ആകെ സേവന കാലയളവിൽ ഉണ്ടായിട്ടുള്ള Long leave / suspension / unauthorized absent / Leave Without Allowance മുതലായവ സംബന്ധിച്ച വിശദ വിവരങ്ങൾ. | |
| 11. വോളന്ററി റിട്ടയർമെന്റിന് അപേക്ഷ നൽകിയിട്ടുണ്ടോ. | ഉണ്ട് / ഇല്ല. |

## സത്യപ്രസ്താവന

........................................................................................ (പേര്, തസ്തിക),

മേൽ പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങൾ സത്യസന്ധമാണെന്നും, എന്റെ പൂർണ്ണമായ അറിവും സമ്മതത്തോടു കൂടിയുമാണ് ഞാൻ അവധിയിൽ പ്രവേശിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

പേര് :

യൂണിറ്റ്:

തീയതി :

## യൂണിറ്റ് അധികാരിയുടെ ശുപാർശ

ഒപ്പ് :

യൂണിറ്റ് അധികാരിയുടെ പേരും, തസ്തികയും

(ഓഫീസ് സീൽ)

.asm/~

സെക്ഷൻ ഓഫീസർ